പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 413

04.02.2014 ൽ മറുപടിക്ക്

പാചകവാതക സബ്സിഡി

**ചോദ്യം**

ശ്രീ. സി. കൃഷ്ണൻ:
ശ്രീ. പി. ശ്രീരാമകൃഷ്ണൻ:
ശ്രീ. കെ. കെ. ജയചന്ദ്രൻ:
ശ്രീമതി കെ. കെ. ലതിക:

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | പാചകവാതക സബ്സിഡിക്ക് ആധാർ നിർബന്ധമാക്കിക്കൊണ്ടുള്ള കേന്ദ്ര സർക്കാർ തീരുമാനത്തോടുള്ള നിലപാട് വ്യക്തമാക്കാമോ; | (എ) | പാചകവാതക സബ്സിഡി വഹിക്കുന്നതും, സബ്സിഡി ലഭ്യമാക്കുന്നതിനുള്ള രീതി തീരുമാനിക്കുന്നതും കേന്ദ്രസർക്കാരാണ്. ഈ വിഷയത്തിൽ കേന്ദ്ര പെട്രോളിയവും പ്രകൃതി വാതകവും മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരമാണ് കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളായ എണ്ണക്കമ്പനികൾ പ്രവർത്തിക്കുന്നത്. പാചകവാതകത്തിന്റെ വിലയിൽ അന്യായമായ വർദ്ധനയോ, സബ്സിഡി സിലിണ്ടറുകളുടെ എണ്ണം പന്ത്രണ്ടിൽ കുറവോ, ഉപഭോക്താക്കൾക്ക് നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങളിലും സേവനങ്ങളിലും കുറവോ ഉണ്ടാകാൻ പാടില്ല എന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. |
| (ബി) | ഇതു സംബന്ധിച്ച് കോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കുകയുണ്ടായോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പാചകവാതക സബ്സിഡി സംബന്ധിച്ച് സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല. |
| (സി) | ആധാർ നിർബന്ധമാക്കുമ്പോൾ രജിസ്ട്രേഷൻ എടുത്തിട്ടില്ലാത്ത ഉപഭോക്താക്കളുടെ കാര്യത്തിൽ എന്തു തീരുമാനം കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്? | (സി) | പാചകവാതക കണക്ഷൻ ആധാർ കാർഡുമായി ബന്ധിപ്പിക്കുന്നതിനുള്ള കാലാവധി കേന്ദ്രസർക്കാർ 28.02.2014 വരെ നീട്ടിയിട്ടുണ്ട്. ഇതിനുള്ള സമയം ആറുമാസത്തേക്ക് കൂടി നീട്ടിനല്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ